# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:17.08.2025**

### പ്രധാനവാർത്തകൾ

1. ന്യൂഡൽഹിയിൽ 11,000 കോടി രൂപയുടെ ദേശീയ പാത വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും.
2. കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
3. സംസ്ഥാനത്ത് കാർഷിക വിളകളിൽ നിന്ന് മൂല്യവർധിത വസ്തുക്കളുടെ ഉൽപാദനം നടത്തുന്ന വ്യവസായ യൂണിറ്റുകളുടെ എണ്ണം വർധിക്കുന്നതായി മന്ത്രി പി രാജീവ്.
4. സംസ്ഥാനത്ത് മഴ കനക്കുന്നു. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരളം-കർണ്ണാടകം-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.
5. ഇന്ന് ചിങ്ങം ഒന്ന്. പ്രതികൂല കാലാവസ്ഥയിലും ശബരിമലയിൻ വൻ ഭക്തജനത്തിരക്ക്.

PNU TVPM

സന്നിധാനത്തെ കീഴ്ശാന്തി, പമ്പയിലെ മേൽശാന്തിമാർ എന്നിവരെ തിരഞ്ഞെടുത്തു.

**&&&&&&&&&&&&&&&&**

ഹെഡ് ലൈൻ-1

**പ്രധാനമന്ത്രി- ഡൽഹി**

പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിലെ രോഹിണിയിൽ 11,000 കോടിരൂപയുടെ രണ്ടു പ്രധാന ദേശീയ പാത പദ്ധതികൾ അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും. പൊതുയോഗത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും. ദ്വാരക അതിവേഗപാതയുടെ ഡൽഹി ഭാഗവും എൻസിആറിലെ അർബൻ എക്സ്റ്റൻഷൻ റോഡ്-രണ്ടാം ഘട്ടവുമാണ് പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യുന്നത്. ഡൽഹിയിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനും തിരക്കു കുറയ്ക്കുന്നതിനും സഹായിക്കുന്നവയാണ് പദ്ധതികൾ.

PNU TVPM

**&&&&&&&&&&&&&&&&**

**ശുഭാൻശു ശുക്ല**

ബഹിരാകാശ ദൗത്യത്തിന് ശേഷം ഇന്ത്യയിലെത്തിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയ്ക്ക് ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഊഷ്മള സ്വീകരണം. ഇന്ന് പുലർച്ചെ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ എന്നിവർ അദ്ദേഹത്തെ സ്വീകരിച്ചു. ദൗത്യത്തിനു ശേഷം അമേരിക്കയിൽ തുടരുകയായിരുന്നു ശുഭാൻഷു.

**&&&&&&&&&&&&&&&&**

**തിരഞ്ഞെടുപ്പ് കമ്മീഷൻ**

രാജ്യത്തെ വോട്ടർ പട്ടിക തയ്യാറാക്കലിൻറെ പ്രധാന സവിശേഷത അതിൻറെ സുതാര്യതയെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വിവിധ ഘട്ടങ്ങളായി നടക്കുന്ന ഈ പ്രവർത്തനത്തിൽ ഉടനീളം, രാഷ്ട്രീയ പാർട്ടികളുടെ സാന്നിധ്യം ഉണ്ടാകാറുണ്ടെന്നും കമ്മീഷൻ പ്രസ്താവനയിൽ വ്യക്തമാക്കി. മുൻ തിരഞ്ഞെടുപ്പുകളിലെ വോട്ടർ പട്ടികകളിൽ തെറ്റുണ്ടെന്ന ആരോപണങ്ങളെ കമ്മീഷൻ കുറ്റപ്പെടുത്തി.

**&&&&&&&&&&&&&&&&**

**ബിജെപി- പാർലമെൻററി ബോർഡ്**

ബിജെപി പാർലമെൻററി ബോർഡ് യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേർന്നേക്കും. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥിയെ തീരുമാനിക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്യുമെന്ന് പാർട്ടി വൃത്തങ്ങൾ അറിയിച്ചു.

**&&&&&&&&&&&&&&&&**

**കത്വ മേഘവിസ്ഫോടനം**

ജമ്മു കശ്മീരിലെ കിഷ്ത്വാറിൽ മേഘ വിസ്ഫോടനത്തെ തുടർന്നുള്ള വെള്ളപ്പൊക്കത്തിൽ അകപ്പെട്ടവരെ കണ്ടെത്തുന്നതിനാണ് അടിയന്തര മുൻഗണനയെന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്രസിംഗ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി കിഷ്ത്വാറിലെ

PNU TVPM

ചിസോട്ടി ഗ്രാമം സന്ദർശിക്കുകയായിരുന്നു അദ്ദേഹം. അതേസമയം ജമ്മുകശ്മീരിലെ കത്വ ജില്ലയിൽ ഇന്നലെയുണ്ടാ മേഘവിസ്ഫോടനത്തിൽ നാല് പേർ മരിച്ചു. ആറ് പേർക്ക് പരിക്കേറ്റു.

&&&&&&&&&&&&&&&&

ഹെഡ് ലൈൻ-2

**മുഖ്യമന്ത്രി- കർഷക അവാർഡ് - INTRO**

കാർഷിക മേഖലയിൽ സ്വായം പര്യാപ്തത കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കർഷകരുടെ വരുമാനത്തിൽ വർദ്ധന ഉണ്ടാക്കുന്നതിനുള്ള നടപടികളുമായാണ് മുന്നോട്ട് പോകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനതല കർഷക ദിനാഘോഷവും കർഷക പുരസ്കാര വിതരണവും തൃശൂരിൽ ഓൺലൈനായി നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

RNU TVPM

(ഹോൾഡ് വോയ്സ്....)

ഉത്പാദന, വിപണന, മൂല്യവർദ്ധിത മേഖലയിൽ ഒരു പോലെ സർക്കാർ ഇടപെടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കൃഷിമന്ത്രി പി പ്രസാദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി കെ. രാജൻ സന്നിഹിതനായിരുന്നു.

&&&&&&&&&&&&&&&&

ഹെഡ് ലൈൻ-3

**പി രാജീവ്**

കാർഷിക വിളകളിൽ നിന്ന് മൂല്യവർധിത വസ്തുക്കളുടെ ഉൽപാദനം നടത്തുന്ന വ്യവസായ യൂണിറ്റുകളുടെ എണ്ണം വർധിച്ചുവരുന്നതായി മന്ത്രി പി രാജീവ്. സംസ്ഥാനത്ത് തരിശുഭൂമി കുറഞ്ഞുവരികയാണെന്നും സംസ്ഥാന സർക്കാർ നൂതന കൃഷിരീതികളെ പ്രോത്സാഹിപ്പിക്കുകയും യുവകർഷകരെ പിന്തുണക്കുകയും ചെയ്യുന്നതായും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

ഹെഡ് ലൈൻ-5

**ചിങ്ങം ഒന്ന്**

പുത്തൻ പ്രതീക്ഷകളുമായി ഇന്ന് ചിങ്ങം ഒന്ന്. സമ്പൽസമൃദ്ധിയുടേയും പ്രതീക്ഷയുടേയും പുതുവർഷമാണ് മലയാളികൾക്ക് ചിങ്ങമാസം. കൊല്ലവർഷത്തിൻറെ ആദ്യ മാസമായ ഇന്ന് കേരളത്തിന് കർഷക ദിനം കൂടിയാണ്. ഈമാസം 26 നാണ് അത്തം. പത്മനാഭ സ്വാമി ക്ഷേത്രം, ഗുരുവായൂർ, വടക്കുംനാഥ ക്ഷേത്രം തുടങ്ങിയ ഇടങ്ങളിൽ വൻ ഭക്തജനതിരക്കാണ് അനുഭവപ്പെട്ടത്.

RNU TVPM

&&&&&&&&&&&&&&&&

ഹെഡ് ലൈൻ-5 എ

**ശബരിമല -ഇൻട്രോ**

പ്രതികൂല കാലാവസ്ഥയിലും ശബരിമലയിൻ വൻ ഭക്തജനത്തിരക്ക്. സന്നിധാനത്തെ കീഴ്ശാന്തി, പമ്പയിലെ മേൽശാന്തിമാർ എന്നിവരെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ....

(വോയിസ്)

&&&&&&&&&&&&&&&&

ഹെഡ് ലൈൻ-4

മഴ

സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുന്നു. ഇന്ന് കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, എറണാകുളം മുതൽ വയനാട് വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം-കർണ്ണാടകം-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

PNU TVPM

&&&&&&&&&&&&&&&&

പത്തനംതിട്ട- മഴക്കെടുതി

പത്തനംതിട്ട ഓമല്ലൂരിൽ ഇന്നലെ ശക്തമായകാറ്റിൽ മരങ്ങൾ വീണ് വീടുകൾ തകർന്നു. അഞ്ചു വീടുകളുൾക്ക് നാശമുണ്ടായി.

&&&&&&&&&&&&&&&&

ബാണാസുര ഡാം

ബാണാസുര സാഗർ അണക്കെട്ടിൻ്റെ സ്പിൽവേ ഷട്ടറുകൾ ഇന്ന് തുറക്കാൻ സാധ്യത. വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്നതിനാൽ ഷട്ടർ 10 സെൻ്റീമീറ്റർ ഉയർത്തി സെക്കൻഡിൽ 50 ക്യുമെക്സ് വരെ വെള്ളം ഘട്ടം ഘട്ടമായി

ഒഴുക്കി വിടുമെന്നാണ് മുന്നറിയിപ്പ്. കരമാൻ തോട്, പനമരം പുഴയോരങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു.

&&&&&&&&&&&&&&&&

**മൂന്നാർ -ഇൻട്രോ**

ഇടുക്കി മൂന്നാറിൽ മഴയ്ക്ക് ശക്തികുറഞ്ഞതോടെ വിനോദ സഞ്ചാരികളുടെ തിരക്കാരംഭിച്ചു. വാരാന്ത്യങ്ങളിലാണ് സഞ്ചാരികൾ കൂടുതലുമെത്തുന്നത്. ഓണാവധിക്കാലം ആരംഭിക്കുന്നതോടെ സഞ്ചാരികളുടെ തിരക്ക് ഇരട്ടിയാകുമെന്നാണ് പ്രതീക്ഷ.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....**

**(വോയിസ്)**

RNUTVPM

&&&&&&&&&&&&&&&&

**കോഴിക്കോട്- മസ്തിഷ്കജ്വരം**

കോഴിക്കോട് താമരശ്ശേരിയിൽ പനി ബാധിച്ച് മരിച്ച വിദ്യാർഥിനിക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരികരിച്ച സാഹചര്യത്തിൽ പ്രദേശത്ത് ആരോഗ്യ പ്രവർത്തകർ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രദേശത്തെ ജലസ്രോതസുകളിൽ നിന്നും പരിശോധക്കായി സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. വീടുകൾ തോറുമുള്ള ബോധവത്കകരണവും പനി സർവേയും തുടരുകയാണ്. അതേസമയം പനിയുടെ ലക്ഷണങ്ങളുമായി ചികിൽസ

തേടിയ മറ്റുള്ളവരുടെ പരിശോധനഫലം നെഗറ്റീവാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

കാസർഗോഡ്-(ഇൻട്രോ)

സാമൂഹ്യ വനവൽകരണത്തോടൊപ്പം പ്രകൃതി പഠനവും വിനോദ സഞ്ചാര കേന്ദ്രങ്ങളും ഉൾപ്പെടുത്തി തുളുനാട് ബൊട്ടാണിക്കൽ ഗാർഡൻ കാസർഗോഡ് ഒരുങ്ങുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ...**

(വോയിസ്)

&&&&&&&&&&&&&&&&

ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

ഉപഭോക്തൃ പരാതി പരിഹാരത്തിൽ ജൂലൈ മാസം 10 സംസ്ഥാനങ്ങളും ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ചേർന്ന് 100 ശതമാനത്തിലധികം തീർപ്പാക്കൽ നിരക്ക് രേഖപ്പെടുത്തിയതായി ഉപഭോക്തൃ കാര്യമന്ത്രാലയം. തമിഴ്നാട് 277 ശതമാനവും, രാജസ്ഥാൻ 214 ശതമാനവും കേരളം 122 ശതമാനവും തീർപ്പാക്കൽ നിരക്ക് കൈവരിച്ചു.

&&&&&&&&&&&&&&&&

സുരേഷ് ഗോപി

തൃശൂരിൽ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷനാണ് മറുപടി

RNU TVPM

നൽകേണ്ടതെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കേന്ദ്ര മന്ത്രിയായതിനാലാണ് വിഷയത്തിൽ പ്രതികരിക്കാത്തതെന്നും അദ്ദേഹം പറഞ്ഞു.തൃശൂരിലെ ശക്തൻ പ്രതിമയിൽ മാലചാർത്തിയശേഷം മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&

ബ്രഹ്മപാദാനന്ദ സരസ്വതി

തിരുവനന്തപുരം ചെങ്കോട്ടുകോണം ശ്രീരാമദാസ ആശ്രമം അധ്യക്ഷൻ സ്വാമി ബ്രഹ്മപാദാനന്ദ സരസ്വതി അന്തരിച്ചു. സ്വാമി സത്യാനന്ദ സരസ്വതിയുടെ ശിഷ്യനായിരുന്നു. സമാധി ചടങ്ങുകൾ ചേങ്കോട്ടുകോണം ആശ്രമത്തിൽ ആരംഭിച്ചു.

&&&&&&&&&&&&&&&&

കണ്ണൂർ -അറസ്റ്റ്

കണ്ണൂർ ചാലോട് മുട്ടന്നൂരിൽ 27.82 ഗ്രാം എംഡിഎംഎയുമായി ആറുപേരെ പോലീസ് പിടികൂടി. ഒരു യുവതിയും അഞ്ച് യുവാക്കളും അടങ്ങുന്ന സംഘത്തെയാണ് പിടികൂടിയത്.

&&&&&&&&&&&&&&&&

ലക്ഷദ്വീപ്

ലക്ഷദ്വീപ് ആന്ത്രോത്ത് ദ്വീപിൽ മത്സ്യബന്ധന യാനം അപകടത്തിൽ പെട്ട് ഒരാൾ മരിച്ചു. ആന്ത്രോത്ത് ദ്വീപ് സ്വദേശി സഫിയുള്ളായാണ് മരിച്ചത്. ബി.ജെ.പി ആന്ത്രോത്ത് ദ്വീപ് കമ്മിറ്റി അധ്യക്ഷൻ

RNUTVPM

ആയിരുന്നു. സഫിയുള്ളയ്ക്കൊപ്പം തോണിയിൽ ഉണ്ടായിരുന്ന മറ്റ് മൂന്ന് പേർ നീന്തി രക്ഷപ്പെട്ടു.

&&&&&&&&&&&&&&&&

**സ്വർണ്ണം**

സ്വർണ്ണവിലയിൽ മാറ്റമില്ല. പവന് 74,200 രൂപയും ഗ്രാമിന് 9275 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&
&&&&&&&&&
&&&

RNU TVPM